ESP...
Or...7/2/23...

# സംസ്ഥാന വിവരാവകാശ കമ്മീഷൻ കേരളം,
# തിരുവനന്തപുരം 695 001

ഫോൺ: 0471 2335199, ഫാക്സ്: 0471 2330920
E-mail: sic.ker@nic.in

ഹർജി നമ്പർ **AP. 800*(2)/2020*/***എസ്.ഐ.സി.*

തീർപ്പു കൽപ്പിച്ചുകൊണ്ടുള്ള നടപടി ക്രമം

(ഫയൽ നമ്പർ **5626**/*എസ്.ഐ.സി-ജി 6/20*)

സന്നിഹിതൻ

**ഡോ.കെ.എൽ.വിവേകാനന്ദൻ, സംസ്ഥാന വിവരാവകാശ കമ്മീഷണർ**

ശ്രീ.ജോസഫ് ടി.ടി.,
തൈക്കാട്ടിൽ (ഹൗസ്),
"സുകൃതം",കൈപ്പറമ്പ് പി.ഒ.,
തൃശ്ശൂർ, പിൻ – 680 546. } അപ്പീൽ ഹർജിക്കാരൻ

Vs

1. സ്റ്റേറ്റ് പബ്ലിക് ഇൻഫർമേഷൻ ഓഫീസർ,
കോളേജ് വിദ്യാഭ്യാസ ഡെപ്യൂട്ടി
ഡയറക്ടറുടെ കാര്യാലയം, നോർത്ത് സോൺ,
കോഴിക്കോട്,
പിൻ – 673 001.

2. അപ്പീൽ അധികാരി&
ഡെപ്യൂട്ടി ഡയറക്ടർ,
കോളേജ് വിദ്യാഭ്യാസ ഡെപ്യൂട്ടി
ഡയറക്ടറുടെ കാര്യാലയം,നോർത്ത് സോൺ,
കോഴിക്കോട്,
പിൻ – 673 001.

} എതിർകക്ഷികൾ

| | |
|---|---|
| 6(1) പ്രകാരമുള്ള അപേക്ഷാ തീയതി | 29.01.2020 |
| 6(1) അപേക്ഷയ്ക്ക് മറുപടി ലഭ്യമാക്കിയ തീയതി | 21.02.2020 |
| ഒന്നാം അപ്പീൽ അപേക്ഷാ തീയതി | 04.03.2020 |
| ഒന്നാം അപ്പീൽ അപേക്ഷ തീർപ്പാക്കിയ തീയതി | – |
| കമ്മീഷനിൽ അപ്പീൽ സമർപ്പിച്ച തീയതി | 27.05.2020 |
| കമ്മീഷനിൽ അപ്പീൽ കൈപ്പറ്റിയ തീയതി | 02.06.2020 |
| ഹിയറിംഗ് നടന്ന തീയതി | 16.12.2022, ഓഡിയോ ഹിയറിംഗ് |
| ഹിയറിംഗിലെ സാന്നിദ്ധ്യം: അപ്പീൽ ഹർജിക്കാരൻ<br>എസ്.പി.ഐ.ഒ. | ഹാജരായിരുന്നു.<br>ഹാജരായിരുന്നു. |

## ഉത്തരവ്

അപ്പീൽ ഹർജിക്കാരൻ കമ്മീഷൻ മുമ്പാകെ ബോധിപ്പിച്ചത്, ടിയാൻ ഒന്നാം എതിർകക്ഷി മുമ്പാകെ സമർപ്പിച്ച അപേക്ഷയ്ക്കു ലഭിച്ച മറുപടി തൃപ്തികരമല്ലാത്തതിനാൽ ഒന്നാം അപ്പീൽ നൽകിയെന്നും എന്നാൽ അപ്പീൽ അധികാരി മറുപടി ലഭ്യമാക്കിയില്ലെന്നുമാണ്.

2. അപ്പീൽ ഹർജിക്കാരൻ 29.01.2020ന് ഒന്നാം എതിർകക്ഷി മുമ്പാകെ സമർപ്പിച്ച അപേക്ഷയ്ക്ക് 21.02.2020ന് നൽകിയ മറുപടിയിൽ പ്രസ്താവിച്ചിരിക്കുന്നത്, ഹർജിക്കാരൻ ആവശ്യപ്പെട്ട അപേക്ഷയുടെ പകർപ്പ് ഉള്ളടക്കം ചെയ്യുന്നുവെന്നും കൂടാതെ ക്രമനമ്പർ (2) പ്രകാരം ആവശ്യപ്പെട്ട വിവരങ്ങൾ ഒരിക്കൽ ടി കാര്യാലയത്തിൽ നിന്ന് ടിയാന് നൽകിയിരുന്നതിനാൽ വീണ്ടും ആയതിന്റെ സാക്ഷ്യപ്പെടുത്തിയ പകർപ്പ് നൽകേണ്ടതില്ലെന്നു കാണുന്നുവെന്നാണ്.

ടി മറുപടിയിൽ അതൃപ്തി രേഖപ്പെടുത്തി 04.03.2020ന് സമർപ്പിച്ച ഒന്നാം അപ്പീലിന് 16.06.2020ന് നൽകിയ മറുപടിയിൽ പ്രസ്താവിച്ചിരിക്കുന്നത്, ഹർജിക്കാരന്റെ അപേക്ഷയും ടി കാര്യാലയത്തിലെ എസ്.പി.ഐ.ഒ. നൽകിയ മറുപടിയും അപ്പീൽ ഹർജിയും പരിശോധിച്ചതിൽ അപ്പീലിൽ പുതുതായി പരിഗണിക്കപ്പെടാനുള്ള വിഷയമൊന്നുമില്ലായെന്നു കാണുന്നുവെന്നും ടിയാന്റെ അപേക്ഷയുടെ പകർപ്പ് ആവശ്യപ്പെടുന്നത് പൊതു ഉദ്ദേശ്യവുമായി പൊരുത്തപ്പെടുന്നതായി കാണുന്നില്ലെന്നും ആയതിനാൽ അപ്പീൽ തീർപ്പാക്കി ഉത്തരവാകുന്നുവെന്നുമാണ്.

3. ഒന്നാം എതിർകക്ഷി 28.09.2020ന് കമ്മീഷനിൽ സമർപ്പിച്ച റിപ്പോർട്ടിൽ പ്രസ്താവിച്ചിരിക്കുന്നത്,

4. അപ്പീൽ ഹർജിയും ബന്ധപ്പെട്ട രേഖകളും പരിശോധിച്ചതിലും ഇരു കക്ഷികളെയും കേട്ടതിലും ഹർജിക്കാരന് മറുപടി നൽകിയിട്ടുണ്ടെന്ന് ഒന്നാം എതിർകക്ഷി കമ്മീഷൻ മുമ്പാകെ ബോധിപ്പിച്ചു. എന്നാൽ ഹർജിക്കാരൻ സമർപ്പിച്ച ഒന്നാം അപ്പീലിന് മറുപടി ലഭ്യമാക്കിയില്ലെന്നാണ് ടിയാൻ കമ്മീഷൻ മുമ്പാകെ ആക്ഷേപമുന്നയിച്ചിരിക്കുന്നത്. മൊഴിയും അനുബന്ധ രേഖകളും റിപ്പോർട്ടും പരിശോധിച്ചതിൽ ലഭ്യമായ വിവരങ്ങൾ

ഹർജിക്കാരന് നൽകിയതായി കാണുന്നതിനാൽ ഈ അപ്പീൽ ഹർജി ഇന്നേദിവസം 2023 ജനുവരി 30–ാം തീയതി കമ്മീഷൻ തീർപ്പാക്കി ഉത്തരവാകുന്നു.

(ഒപ്പ്)
ഡോ.കെ.എൽ.വിവേകാനന്ദൻ
സംസ്ഥാന വിവരാവകാശ കമ്മീഷണർ

സാക്ഷ്യപ്പെടുത്തിയ പകർപ്പ്

ജോയിന്റ് സെക്രട്ടറി (ധനകാര്യം)
Ge/